ഓം ശ്രീ സായിറാം

# സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 14A

## വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

പ്രഫസർ അനിൽകുമാർ

**ജൂൺ, 2001**

## വിദ്യാർത്ഥികളുമായും അദ്ധ്യാപകരുമായും ഉള്ള ബാബയുടെ സംഭാഷണം: കാലഗണന



ഇവിടെ സൂചിപ്പിക്കപ്പെടുന്ന മാസങ്ങളും കാലയളവുമൊക്കെ തെലുങ്ക് സനാതന സാരഥിയിൽ ഇവ പ്രസിദ്ധീകരിക്കപ്പെട്ടതിനെ അടിസ്ഥാനമാക്കിയുള്ളതാണ്. സ്വാമിയുമായുള്ള ദിവ്യസംഭാഷണങ്ങളിൽ അരുളപ്പെടുന്നതൊക്കെ ഞാൻ തെലുങ്ക് സനാതന സാരഥിക്ക് പ്രസിദ്ധീകരണത്തിനായി എഴുതി അയച്ചുകൊടുക്കുമായിരുന്നു. അതുകൊണ്ട്, ഇവിടെ പരാമർശിക്കപ്പെടുന്ന മാസങ്ങളുടെ കാലഗണന തെലുങ്ക് സനാതന സാരഥിയിൽ ഇവ പ്രസിദ്ധീകരിക്കപ്പെട്ട കാലഘട്ടമാണ്. വ്യക്തമായെന്ന് ഞാൻ കരുതുന്നു.




നാം 2001-ലാണ് തുടങ്ങിയത്. ദിവ്യകൃപകൊണ്ട് 2002 മുഴുവനും തീർത്തതിനുശേഷം നമ്മൾ 2001-ലേക്ക് പ്രവേശിക്കുകയാണ്, ജൂൺ 2001-നെ സംബന്ധിക്കുന്നതാണ് ഇതെല്ലാം.

സ്വാമിയോട് പ്രാർത്ഥനയോടെ, ഇവിടെയുള്ള എല്ലാവർക്കും അവിടുത്തെ ദിവ്യാനുഗ്രഹത്തിനായി അപേക്ഷിച്ചുകൊണ്ട്, ഈ സായാഹ്നത്തിൽ ജൂൺ 2001 ഞാൻ സമാരംഭിക്കുകയാണ്. ഓരോ ഉപാഖ്യാനങ്ങളായി നമുക്ക് നോക്കാം.

## മൂല്യങ്ങൾ ശോഷിച്ചുവരുന്നു

ഇതൊരു പുരാണകഥയാണ്. നിങ്ങളിലെത്രപേർക്ക് രാമായണം അഥവാ മഹാഭാരതത്തിലെ കഥകൾ പരിചിതമാണെന്ന് എനിക്ക് നിശ്ചയമില്ല. പക്ഷേ, നിങ്ങളിവിടെ മുമ്പ്

പലവട്ടം വരികയും ഭഗവാന്റെ പ്രഭാഷണങ്ങൾ ശ്രവിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക്, നിങ്ങൾക്ക് ഇതെപ്പറ്റി ധാരണയില്ലെന്നു കരുതിയത് എന്റെ വിഡ്ഢിത്തമാവും. (*ചിരി*) ഞാൻ അത്രയ്ക്ക് മോശം ആളൊന്നുമല്ല. അതുകൊണ്ട്, മഹത്തായ ഇതിഹാസകാവ്യമായ രാമായണത്തെക്കുറിച്ച് നിങ്ങൾക്ക് കുറച്ചു ധാരണയെങ്കിലും ഉറപ്പായും ഉണ്ടാവും.




ഒരു ദിവസം, വൈകുന്നേരത്ത്, അവിടുത്തെ ഇന്റർവ്യൂകളൊക്കെ അവസാനിപ്പിച്ചശേഷം, ഭഗവാൻ പതിവുപോലെ സിംഹാസനത്തിൽ ഉപവിഷ്ടനായി. എന്നിട്ട് അവിടുന്ന് നിരാശാഭാവത്തിൽ ആരംഭിച്ചു:

അവിടുന്ന് പറഞ്ഞു, "ആദർശങ്ങളൊക്കെ വളച്ചൊടിക്കപ്പെട്ടിരിക്കുന്നു ഇന്ന്. ഇക്കാലത്ത് പെരുമാറ്റം അനുചിതമായിരിക്കുന്നു. ബന്ധങ്ങൾ അപ്രത്യക്ഷമാവുന്നു. കാലം മാറിയിരിക്കുന്നു. ആളുകളുടെ അന്തർഗതവും മനോഭാവവും വളരെ നിരാശാജനകമാണ്. ഇതൊക്കെ, പോയ കാലത്തിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കുന്നു." ഇതായിരുന്നു ഭഗവാന്റെ ആദ്യ പരാമർശം.

എന്നിട്ട്, ഭഗവാൻ ഈ ദേശത്തെ പുരാവൃത്തത്തെ പരാമർശിച്ചുകൊണ്ട് അവിടുത്തെ പ്രസ്താവനയെ ന്യായീകരിക്കുന്നതിനാരംഭിച്ചു. പഴയ നാളുകളിൽ, സമൂഹത്തിൽ മൂല്യങ്ങൾ അതിപ്രധാനമായ പങ്ക് വഹിച്ചിരുന്നതായി ഭഗവാൻ അരുളുകയുണ്ടായി. ജനങ്ങൾ മൂല്യങ്ങൾക്ക് ഉന്നതസ്ഥാനമാണ് കൽപ്പിച്ചിരുന്നത്. ഇന്ന്, മൂല്യങ്ങൾ ശോഷിച്ചിരിക്കുന്നു.

അവിടുന്ന്, രാമായണത്തിലെ ദശരഥമാഹാരാജാവിന്റെ മൂന്ന് ഭാര്യമാരെപ്പറ്റി പരാമർശിക്കുകയുണ്ടായി. ബാബ പറഞ്ഞതുപ്രകാരം, രാജാവിന്റെ മൂന്ന് ഭാര്യമാരും വളരെ അടുപ്പത്തിലായിരുന്നു, ഒരേ മാതാവിന് പിറന്നവരെപ്പോലെയായിരുന്നു അവർ തമ്മിലുള്ള ബന്ധം. അവർക്ക് സഹോദരീഭാവമായിരുന്നു ഉണ്ടായിരുന്നത്. അവർ തമ്മിൽ യാതൊരു മത്സരവും ഉണ്ടായിരുന്നില്ല. അവർ പ്രേമത്തിലും ഐക്യഭാവത്തിലും പുലർന്നുപോന്നു. അപ്പോൾ ഭഗവാൻ, മഹത്തായ ഇതിഹാസമായ രാമായണത്തിലെ നാല് സഹോദരന്മാ

രായ രാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ ഇവരുടെ ജനനത്തെ സംബന്ധിക്കുന്ന ഒരു വസ്തുത പരാമർശിക്കുകയുണ്ടായി. നിങ്ങൾക്ക് മനസ്സിലാവുന്നുണ്ടോ?

ദശരഥമാഹാരാജാവിന് മൂന്നു ഭാര്യമാരെ വേണ്ടിവന്നു. എന്തിന്? എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന് ആദ്യത്തെ വിവാഹത്തിൽ സന്താനങ്ങളുണ്ടായില്ല. സിംഹാസനത്തിന് അനന്തരാവകാശി വേണ്ടതിനാൽ, അദ്ദേഹത്തോട് പുനർവിവാഹം ചെയ്യുന്നതിനായി ആദ്യത്തെ രാജ്ഞി വീണ്ടും വീണ്ടും അപേക്ഷിക്കുകയുണ്ടായി. അവരുടെ അപേക്ഷയ്ക്ക് പ്രതികരണമായി അദ്ദേഹം വീണ്ടും വിവാഹിതനായി. എന്നിട്ടും അദ്ദേഹത്തിന് സന്താന ങ്ങളുണ്ടായില്ല.

അപ്പോൾ, രണ്ടു രാജ്ഞിമാരും അദ്ദേഹത്തോട് വീണ്ടും വിവാഹം കഴിക്കുന്നതിനായി പ്രാർത്ഥിച്ചു. അദ്ദേഹം വീണ്ടും വിവാഹിതനായി. അദ്ദേഹത്തിന് മൂന്ന് രാജ്ഞിമാർ ഉണ്ടായതിന് കാരണമിതാണ്. ആദ്യത്തെ ഭാര്യയുടെ പേര് *കൗസല്യ* എന്നാണ്; രണ്ടാമത്തെ ഭാര്യ *സുമിത്ര*; ഏറ്റവും ഇളയ ഭാര്യ *കൈകേയി.*




കുട്ടികളില്ലാത്ത കാരണത്താൽ, അദ്ദേഹം കടുത്ത നിരാശയിലായിരുന്നു. അതുകൊണ്ട്, സന്താനലാഭത്തിനുള്ള അനുഗ്രഹത്തിനുവേണ്ടി, ഈശ്വരപ്രീതിക്കായി, ഒരു യാഗം നടത്തുന്നതിന് കുലഗുരുവായ വസിഷ്ഠൻ അദ്ദേഹത്തെ ഉപദേശിക്കുകയുണ്ടായി.

അതുകൊണ്ട്, ദശരഥൻ മൂന്നു രാജ്ഞിമാർക്കുമൊപ്പം കുലഗുരുവായ വസിഷ്ഠന്റെ നിർദ്ദേശപ്രകാരം, യാഗം അനുഷ്ഠിക്കുകയുണ്ടായി. ഇപ്രകാരമാണ് കഥ നീങ്ങുന്നത്. യാഗാഗ്നിയിൽ അഗ്നിദേവൻ ഒരു സ്വർണപ്പാത്രത്തിൽ പായസവുമായി പ്രത്യക്ഷപ്പെടുകയുണ്ടായി.

അഗ്നിദേവൻ പറഞ്ഞു, "അല്ലയോ രാജാവേ, ഈ പായസം മൂന്നു രാജ്ഞിമാരും പങ്കിട്ട്, ഓരോരുത്തരും അവരവരുടെ ഓഹരി ഇന്നു രാത്രി കഴിക്കണം. അവർക്ക് കുഞ്ഞുങ്ങളുണ്ടാവും."

ഇപ്രകാരം അനുഗ്രഹിച്ചശേഷം അഗ്നിദേവൻ അപ്രത്യക്ഷനായി.

## രാമന്റെ ജനനം

ഇതുപ്രകാരം, ദശരഥമഹാരാജാവ് മൂന്നു സ്വർണപ്പാത്രങ്ങൾ കൊണ്ടുവരാനായി ആജ്ഞാപിച്ചു. അരിപ്പായസം മൂന്ന് പങ്കായി വീതിച്ചു. അദ്ദേഹം ഭാര്യമാരെ വിളിച്ച് ഓരോരുത്തർക്കും ഓരോ വീതം നൽകിയിട്ട്, സന്താനലാഭത്തിനുള്ള പ്രാർത്ഥനയോടെ, വീഴ്ച കൂടാതെ പായസം ആഹരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

ആദ്യത്തെ രാജ്ഞി, രണ്ടാമത്തെ രാജ്ഞി, പിന്നെ മൂന്നാമത്തെ രാജ്ഞി-മൂന്ന് രാജ്ഞിമാരും മുടി കഴുകി. രണ്ടാമത്തെ രാജ്ഞിയായ സുമിത്ര തന്റെ മുടി കഴുകിയശേഷം, കൊട്ടാരത്തിന്റെ മട്ടുപ്പാവിലേക്ക് പോയി. പായസത്തിന്റെ ആ സ്വർണ്ണപ്പാത്രം അരമതിലിന്മേൽ വച്ചിട്ട് അവളുടെ മുടി ഉണക്കാൻ തുടങ്ങി. അവളുടെ മനസ്സിലൂടെ താഴെപ്പറയുന്ന വിചാരം മിന്നൽകണക്കെ കടന്നുപോയി:

"നോക്ക്, മൂത്തവളായ കൗസല്യയ്ക്ക്, പ്രഥമരാജ്ഞിയ്ക്ക് ഒരു പുത്രനുണ്ടായാൽ, അവനാവും രാജാവാകുക. അല്ലെങ്കിൽ, ദശരഥൻ വിവാഹവേളയിൽ നൽകിയ വാഗ്ദാനപ്രകാരം, ഇളയവളായ കൈകേയീരാജ്ഞിക്ക് ഒരു മകനുണ്ടായാൽ, അവനാവും രാജാവ്. ഇതിലേതായാലും, ഞാനാവും പരാജിത. എനിക്കൊരു പുത്രനുണ്ടായാൽ അവൻ ഒന്നുകിൽ മൂത്ത രാജ്ഞിയുടെ പുത്രനെ അല്ലെങ്കിൽ മൂന്നാം ഭാര്യയുടെ പുത്രനെ സേവിക്കേണ്ടിവരും. എന്റെ മകന് ഒരിക്കലും രാജപദവി ലഭിക്കില്ല."

നോക്കൂ, ഇതാണ് അവളുടെ മനസ്സിലൂടെ മിന്നിമാഞ്ഞ വിചാരം. ഇതിനിടയിൽ, അതുവഴി പറന്നുവന്ന ഒരു പരുന്ത് ആ പായസമുള്ള സ്വർണ്ണപ്പാത്രം കൊത്തിക്കൊണ്ട് പറന്നകന്നു. അവളുടെ ഭർത്താവിനെ ആകെ ഭയന്ന് സുമിത്ര ആകെ പരിഭ്രമത്തിലായി, അവളുടെ കാലുകൾ വിറയ്ക്കാൻ തുടങ്ങി, ശബ്ദം വിക്കാൻ തുടങ്ങി, കാരണം, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അവൾ പായസം കഴിക്കുകയുണ്ടായില്ല.

ശിക്ഷ ഭയന്ന് അവൾ, പ്രാർത്ഥനയോടെ ആദ്യരാജ്ഞിയായ കൗസല്യയുടെ സമീപത്തേക്ക് പതുങ്ങി നടന്നു. അവൾക്ക് സംഭവിച്ചതെല്ലാം അവരോട് പറഞ്ഞു. ഇതേപോലെ, തനിക്ക് സംഭവിച്ചതൊക്കെ കനിഷ്ഠരാജ്ഞിയായ കൈകേയിയോടും പറയുകയുണ്ടായി.

“നോക്ക്, ആ സ്വർണ്ണ പായസപ്പാത്രം നിങ്ങളുടെ പക്കലുണ്ട്, നിനക്കും ആ പായസ പ്പാത്രം സുരക്ഷിതമായി കൈവശമുണ്ട്. എന്റെ സ്വർണ്ണപ്പാത്രം നഷ്ടമായിരിക്കുകയാണ്, ഒരു പരുന്തു വന്ന് അത് തട്ടിയെടുത്തു കൊണ്ടുപോയി. എനിക്കെന്തു സംഭവിക്കുമെന്ന് എനിക്കറിയില്ല. ദശരഥചക്രവർത്തി എനിക്ക് നൽകാൻ പോവുന്ന ശിക്ഷയെന്തെന്ന് എനി ക്കറിയില്ല. ഞാൻ വളരെ ഭയന്നിരിക്കുന്നു. സഹോദരിമാരേ, നിങ്ങളെന്നെ സഹായിച്ചേ പറ്റൂ.”

സ്വാഭാവികമായും, മറ്റു രണ്ടുപേർക്കും അവളോട് ദയ തോന്നി. ആദ്യത്തെ രാജ്ഞി പറ ഞ്ഞു, “പരിഭ്രമിക്കാതിരിക്കൂ; എന്റെ പായസത്തിന്റെ ഒരു പങ്ക് നിനക്കു തരാം. പേടിക്കേ ണ്ട. ഒരു സ്വർണ്ണപ്പാത്രം കൊണ്ടുവരൂ. എന്റെ വിഹിതത്തിന്റെ പകുതി ഞാൻ നിനക്കു തരാം.”




ഇതേപോലെ, മറ്റേയാൾ, ഇളയ രാജ്ഞിയായ കൈകേയിയും പറഞ്ഞു, “പേടിക്കേണ്ട സോദരീ; എന്റെ വിഹിതത്തിന്റെ പകുതിയും ഞാൻ തരാം.”

ഇങ്ങനെ, നടുക്കുള്ള രാജ്ഞിയായ സുമിത്രയ്ക്ക് ആദ്യരാജ്ഞി കൗസല്യ യുടെ പായസത്തിന്റെ പകുതിയും, അവസാനരാജ്ഞി കൈകേയിയുടെ പായസത്തിന്റെ പകുതിയും കിട്ടി. അവരെല്ലാവരും അന്നു രാത്രി പ്രാർത്ഥനയോടെ, നിർദ്ദേശിച്ച പ്രകാരം പായസം കഴിച്ച്, അന്നു രാത്രി പൂജ കളുമായി കഴിച്ചുകൂട്ടി.

അഗ്നിദേവന്റെ അനുഗ്രഹം കൊണ്ടും ആ പുണ്യയജ്ഞത്തിന്റെ ഫലമായും അവരെല്ലാ വർക്കും, സ്വാഭാവികമായും, സന്താനലാഭമുണ്ടായി. ആദ്യരാജ്ഞിയായ കൗസല്യ രാമച ന്ദ്രന് ജന്മമേകി. അവസാനരാജ്ഞി കൈകേയി ഭരതന് ജന്മമേകി. സുമിത്രയ്ക്ക് ഇരട്ടക്കുട്ടികളാണ് ഉണ്ടായത്. ഒരാൾ ലക്ഷ്മണനും മറ്റേയാൾ ശത്രുഘ്നനും. ഇരട്ടക്കുട്ടി കൾ ജനിച്ചതിനു കാരണം, കൗസല്യയുടെ പായസത്തിന്റെ പകുതിയും കൈകേയിയുടെ പായസത്തിന്റെ പകുതിയും അവൾക്ക് ലഭിച്ചതിനാലാണ്. അതുകൊണ്ടാണവൾ ഇരട്ടക്കുട്ടികൾക്ക് ജന്മമേകിയത്.

# ദിവ്യപദ്ധതി

ബാബ ഇത് ഇപ്രകാരം വിശദമാക്കുകയുണ്ടായി, "നോക്കൂ, ഇത് ദിവ്യപദ്ധതിയായിരുന്നു: സുമിത്രയുടെ രണ്ട് പുത്രന്മാരിൽ, ലക്ഷ്മണൻ സദാ രാമന്റെയൊപ്പമായിരുന്നു. മറ്റേയാൾ, ശത്രുഘ്നൻ, സദാ ഭരതന്റെ കൂടെ നടന്നു. കൗസല്യ പങ്കുവച്ച പായസത്തിന്റെ പകു



തിയിൽനിന്നാണ് ലക്ഷ്മണന്റെ ജന നം, അതുകൊണ്ടാണ് ലക്ഷ്മണൻ സദാ രാമന്റെയൊപ്പം കൂടിനടന്നത്. കൈകേയി പങ്കുവച്ച പായസത്തിന്റെ പകുതിയിൽനിന്നാണ് ശത്രുഘ്നന്റെ ജനനം, അതുകൊണ്ടാണ് ശത്രുഘ്നൻ സദാ ഭരതന്റെ കൂടെ നടന്നത്."

തന്റെ രണ്ട് പുത്രന്മാരും അവരുടെ സഹോദരന്മാരെ സേവിച്ചു എന്നതിൽ സുമിത്ര ഭാഗ്യവതിയായിരുന്നു. ഇതും ഭഗവാൻ വിശദീകരിക്കുന്നു: "അത്തരം പ്രേമം, അത്തരം അടുപ്പം, ആ രാജ്ഞിമാർ തമ്മിലുണ്ടായിരുന്ന തരത്തിലുള്ള അത്തരം ദയാവായ്പും പരിഗണനയും, നിങ്ങൾ കണ്ടിട്ടുണ്ടോ? മൂന്നുപേരും ചക്രവർത്തിയുടെ ഭാര്യമാരായിരുന്നു. അവരൊരിക്കലും പരസ്പരം കലഹിച്ചിരുന്നില്ല. അവർ തികഞ്ഞ ഐക്യത്തോടെയും പാരസ്പര്യത്തോടെയും ജീവിച്ചു."



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)